**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പ് - കാസർഗോഡ് മുനിസിപ്പാലിറ്റിയിലെ വരണാധികാരിയെ നിയമിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

**തദ്ദേശ സ്വയംഭരണ (ഇ.എം.) വകുപ്പ്**

**സ.ഉ.(സാധാ) നം.1473/2017/തസ്വഭവ തിരുവനന്തപുരം, തീയതി 08/05/2017.**

==========================================================================

പരാമർശം:- (1) സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ സെക്രട്ടറിയുടെ 10.03.2017-ലെ 7924/ബി/2016/സം.തി.ക. നമ്പർ കത്ത്.

**ഉത്തരവ്**

കാസർഗോഡ് മുനിസിപ്പാലിറ്റിയുടെ 1 മുതൽ 19 വരെയുള്ള വാർഡുകളുടെ വരണാധികാരിയായി "മാനേജർ (ഡിപി) ഡിസ്ട്രിക്ട് ഇൻഡസ്ട്രീസ് സെന്റർ, കാസർഗോഡ്" എന്ന ഓഫീസറെ നിയമിച്ചുകൊണ്ട് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. എന്നാൽ പ്രസ്തുത ഓഫീസർ തസ്തിക 04.03.2016-ലെ ജി.ഒ (ആർ.ടി) 258/2016/ഐ.ഡി. നമ്പർ ഉത്തരവ് പ്രകാരം വ്യവസായ വാണിജ്യ ഡയറക്ടറേറ്റിലേക്ക് മാറ്റിയിട്ടുണ്ടെന്നും, അതിനാൽ വരണാധികാരി സ്ഥാനത്തേയ്ക്ക് "മാനേജർ (ക്രെഡിറ്റ്), ഡിസ്ട്രിക്ട് ഇൻഡസ്ട്രീസ് സെന്റർ, കാസർഗോഡ്" എന്ന ഓഫീസറെ നിയമിക്കുന്നതിന് അനുമതി നൽകണമെന്നും പരാമർശം (1) പ്രകാരം സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ സെക്രട്ടറി അപേക്ഷിച്ചിരുന്നു.

സർക്കാർ ഈ വിഷയം പരിശോധിച്ചു. കാസർഗോഡ് മുനിസിപ്പാലിറ്റിയുടെ 1 മുതൽ 19 വരെയുള്ള വാർഡുകളുടെ വരണാധികാരിയായി "മാനേജർ (ക്രെഡിറ്റ്), ഡിസ്ട്രിക്ട് ഇൻഡസ്ട്രീസ് സെന്റർ, കാസർഗോഡ്" എന്ന ഓഫീസറെ നിയമിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
സിനി ജെ ഷുക്കൂർ
ഡെപ്യൂട്ടി സെക്രട്ടറി

സെക്രട്ടറി, സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ, തിരുവനന്തപുരം.

അക്കൗണ്ട് ജനറൽ (A&E/Audit) തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ (തദ്ദേശസ്വയംഭരണ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് ( വെബ് & ന്യൂ മീഡിയ) വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ